15 -ാം കേരള നിയമസഭ

8 -ാം സമ്മേളനം

നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 573 | 02-02-2023 - ൽ മറുപടിയ്ക്ക്

## മഹിളാ പ്രധാൻ ഏജന്റുമാരുടെ ആനുകൂല്യങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. സുമോദ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ദേശീയ സമ്പാദ്യ പദ്ധതിയിൽ ഉൾപ്പെടുന്ന മഹിളാ പ്രധാൻ ഏജന്റുമാർക്ക് നൽകിവരുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (എ) | പോസ്റ്റോഫീസ് മുഖേന ലഭിക്കുന്ന 4% കമ്മീഷന് പുറമെ, കേന്ദ്രസർക്കാർ 28-11-2011-ലെ നോട്ടിഫിക്കേഷൻ പ്രകാരം ഏജന്റുമാർക്ക് സംസ്ഥാന സർക്കാർ നൽകി വരുന്ന ഇൻസന്റീവ് അലവൻസും ബോണസും നിർത്തലാക്കിയ സാഹചര്യത്തിൽ, 16-06-2012-ലെ സ.ഉ.(സാധാ)5933/2012/ധന നമ്പർ ഉത്തരവ് പ്രകാരം ഏജന്റുമാരുടെ സേവനം സമ്പാദ്യ സമാഹരണത്തോടൊപ്പം സംസ്ഥാന സർക്കാർ നൽകി വരുന്ന വിവിധ സേവനങ്ങൾ സംബന്ധിച്ച ബോധവൽക്കരണം ജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിനുമായി ഏജന്റുമാർക്ക് 5.25% പ്രതിഫലം നൽകി വരുന്നു. കൂടാതെ ഏജന്റുമാർക്കുള്ള ക്ഷേമനിധി പദ്ധതി പ്രകാരം ചികിത്സാസഹായം, ഏജന്റുമാരുടെ മക്കൾക്ക് വിദ്യാഭ്യാസ സ്കോളർഷിപ്പ്, ഏജന്റുമാർക്ക് ടെർമിനൽ ബെനിഫിറ്റ്, മരണപ്പെട്ടാൽ ഏജന്റുമാരുടെ അവകാശിക്ക് റിസ്ക് കവറേജ് ആനുകൂല്യം എന്നിവയും നൽകി വരുന്നു. ഏജന്റ്സ് പെൻഷൻ പദ്ധതിയിൽ അംഗങ്ങളായിട്ടുള്ളവർക്ക് 65 വയസ്സ് തികയുന്ന മുറയ്ക്ക് പ്രതിമാസ പെൻഷനും നൽകി വരുന്നുണ്ട്. |
| (ബി) | മഹിളാ പ്രധാൻ ഏജന്റുമാർക്ക് ഏർപ്പെടുത്തിയിട്ടുള്ള ഇൻഷ്വറൻസ് പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) | 19-09-2000-ലെ സ.ഉ.(സാധാ)നം.5308/2000/ധന സർക്കാർ ഉത്തരവ് മുഖേന മഹിളാപ്രധാൻ ഏജന്റുമാർക്ക് സംസ്ഥാന ഇൻഷ്വറൻസ് വകുപ്പുമായി കൈകോർത്തുകൊണ്ട് ഒരു ഇൻഷ്വറൻസ് പദ്ധതി രൂപകൽപ്പന ചെയ്തിട്ടുണ്ട്. ഒരു ഏജന്റ് പ്രതിവർഷം 250 രൂപ ഇൻഷ്വറൻസ് പ്രീമിയം ഒടുക്കേണ്ടതുണ്ട്. പ്രസ്തുത ഇൻഷ്വറൻസ് പദ്ധതി പ്രകാരം ഏജന്റിന് |

| | | | |
|---|---|---|---|
| | | | അപകടമരണം സംഭവിക്കുകയാണെങ്കിൽ 2.5ലക്ഷം രൂപ ലഭിക്കുന്നതാണ്. കൂടാതെ തുക ഒടുക്കുവാൻ പോകുന്ന യാത്രാമധ്യേ പണം നഷ്ടപ്പെടുകയാണെങ്കിൽ 20,000/-രൂപയും ഫിഡിലിറ്റി ഗ്യാരന്റിയായി 3.25 ലക്ഷം രൂപയും ലഭ്യമാകുന്നതാണ്. |
| (സി) | മഹിളാ പ്രധാൻ ഏജന്റായിരിക്കേ മരണമടയുന്ന വ്യക്തിയ്ക്ക് ലഭ്യമാക്കുന്ന സഹായങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ? | (സി) | ക്ഷേമനിധിയിൽ അംഗത്വമുള്ള മഹിളാപ്രധാൻ ഏജന്റായിരിക്കെ മരണമടയുന്ന വ്യക്തിയുടെ അവകാശിക്ക് റിസ്ക് കവറേജ് പരമാവധി 50,000/- രൂപ നൽകി വരുന്നു. കൂടാതെ സംസ്ഥാന സർക്കാർ ഏജന്റുമാർക്കായി ഏർപ്പെടുത്തിയിട്ടുള്ള ഇൻഷ്വറൻസ് പദ്ധതി പ്രകാരം ഏജന്റിന് അപകടമരണം സംഭവിച്ചാൽ 2.5 ലക്ഷം രൂപ സമാശ്വാസം ലഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ